"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.മധുപ്രസാദ്.ബി, പെരുമാളടി, എട്ടപ്പകുളം.പി.ഒ, മേനോൻപാറ, പാലക്കാട് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.303/2024/ID തീയതി,തിരുവനന്തപുരം, 22-04-2024

---

പരാമർശം:-

1. പാലക്കാട് ജില്ലാ ജിയോളജിസ്റ്റിന്റെ 30.05.2019 ലെ ഡിഒപി/411/2018/എ1-6 നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.മധുപ്രസാദ്.ബി, പെരുമാളടി, എട്ടപ്പകുളം.പി.ഒ, മേനോൻപാറ, പാലക്കാട് 06.07.2019 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 22/05/2020 തീയതിയിലെ 7520/എം2/2019 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ല, പാലക്കാട് താലൂക്ക് പുതുശ്ശേരി ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് നം.31, റീ.സർവ്വേ നം.519/2 ൽ ഉൾപ്പെട്ടതും, ശ്രീ.മധുപ്രസാദ്.ബി, പെരുമാളടി, എട്ടപ്പകുളം.പി.ഒ, മേനോൻപാറ, പാലക്കാട് എന്ന വ്യക്തി കൈവശത്തിലുള്ളതുമായ സ്ഥലത്തു നിന്നും അനധികൃതമായി സാധാരണ കളിമണ്ണ് ഖനനം ചെയ്ത് ഇഷ്ടിക നിർമ്മിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് ടി അനധികൃത ഖനനത്തിന് കളിമണ്ണിന്റെ റോയൽറ്റി, വില, പിഴ ഇനത്തിൽ ആകെ 2,31,280/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് പാലക്കാട് ജിയോളജിസ്റ്റ് നൽകിയ 30.05.2019 തീയതിയിലെ പരാമർശം (1) ഡിമാന്റ് നോട്ടീസിനെതിരെ സ്ഥലം ഉടമയായ ശ്രീ.മധുപ്രസാദ്.ബി, പെരുമാളടി, എട്ടപ്പകുളം.പി.ഒ, മേനോൻപാറ, പാലക്കാട് പരാമർശം (2) പ്രകാരമുള്ള അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി 15/03/2024 ൽ നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, പാലക്കാട് ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

3. ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പാലക്കാട് ജില്ല, പാലക്കാട് താലൂക്ക്, പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ബ്ലോക്ക് 31, റീ സർവ്വെ നം. 519/2 ൽ തനിക്ക് 2.58 ഏക്കർ പറമ്പ് കൈവശമുണ്ട്. വർഷങ്ങളായുള്ള കാട്ടാനകളുടെ കൃഷി നശിപ്പിക്കൽമൂലം തനിക്ക് വളരെ സാമ്പത്തിക നഷ്ടവും മാനസിക വിഷമവും ഉണ്ടായി. തുടർന്ന് കൃഷി ചെയ്യുവാൻ കഴിയാത്ത സാഹചര്യവും ഉണ്ടായി. ഇതിനു പരിഹാരമായി കനറാബാങ്ക്, പുതുശ്ശേരി ബ്രാഞ്ചിൽ നിന്നും 2,90,000/- രൂപ കാർഷിക വായ്പ എടുക്കുകയും തന്റെ കൈവശത്തിലുള്ള പറമ്പിൽ ഒരു കിണർ കുഴിക്കുകയും കാട്ടാനകളുടെ കൃഷി നശിപ്പിക്കലിൽ നിന്നും രക്ഷ നേടാനായി ചുറ്റമതിലിനുള്ള ഇഷ്ടിക നിർമ്മാണ പ്രവർത്തനം

തുടങ്ങുകയും ചെയ്തു.

മേപ്പടി പ്രവർത്തിക്കായി തന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ നിന്നും പെർമിറ്റില്ലാതെ കളിമണ്ണ് എടുത്തതെന്നുള്ളതു സംബന്ധിച്ച് നോട്ടീസ് കിട്ടിയതിനെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തുകയും പദ്ധതി ഉപേക്ഷിക്കുകയും ഖനനം ചെയ്തെടുത്ത കളിമണ്ണ് കൊണ്ട് നിർമ്മിച്ച 40,000 ഇഷ്ടിക തന്റെ വീടിന്റെ മതിൽ കെട്ടുവാൻ ഉപയോഗിക്കുകയും, ബാക്കി മണ്ണെടുത്ത കുഴി നികത്തുവാൻ ഉപയോഗിക്കുയും ചെയ്തു. ഡിമാന്റ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന അത്രയും അളവ് മണ്ണ് താൻ ഖനനം ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ 2,31,280/- രൂപ പിഴയിട്ടത് ഒഴിവാക്കിത്തരണമെന്നും അല്ലെങ്കിൽ സ്ഥലം ഒന്നുകൂടി പരിശോധിച്ച് ഇക്കാര്യം ബോധ്യപ്പെടണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടു.

4. അപ്പീൽ പെറ്റീഷൻ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ടു ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പാലക്കാട് ജില്ല, പാലക്കാട് താലൂക്ക്, പുതുശ്ശേരി ഈസ്റ്റ് വില്ലേജിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ അനധികൃതമായി സാധാരണ കളിമണ്ണ് ഖനനം ചെയ്ത് ഇഷ്ടിക നിർമ്മാണം നടത്തിവരുന്ന സ്ഥലങ്ങളിൽ പാലക്കാട് തഹസിൽദാർ, പുതുശ്ശേരി ഈസ്റ്റ് ഓഫീസർ എന്നവരോടൊപ്പം 5/2/2019 തീയതിയിൽ പാലക്കാട് ജില്ലാ ഓഫീസിൽ നിന്നും സംയുക്ത പരിശോധന നടത്തിയിരുന്നു. പരിശോധനയിൽ അപ്പീൽ പെറ്റീഷണറായ ശ്രീ. മധുപ്രസാദ്.ബി, ആറ്റുപതി, വാളയാർ പി ഒ, പാലക്കാട് എന്നവരുടെ കൈവശത്തിലുള്ള പുതുശ്ശേരി ഈസ്റ്റ്, ബ്ലോക്ക് നം.31 റീ സർവ്വെ നം.519/2 ൽ പ്പെട്ട സ്ഥലം പരിശോധിക്കുകയുണ്ടായി. മേപ്പടി സ്ഥലത്ത് നിന്നും 27 മീറ്റർ നീളം, 5 മീറ്റർ വീതി, ശരാശരി താഴ്ച 1 മീറ്റർ എന്ന ക്രമത്തിൽ 135 ക്യൂബിക് മീറ്റർ, 24 മീറ്റർ നീളം 3 മീറ്റർ വീതി ശരാശരി താഴ്ച 1.5 മീറ്റർ എന്ന ക്രമത്തിൽ 108 ക്യൂബിക് മീറ്റർ, 26 മീറ്റർ നീളം, 4 മീറ്റർ വീതി, ശരാശരി താഴ്ച 0.5 മീറ്റർ എന്ന ക്രമത്തിൽ 50 ക്യൂബിക് മീറ്റർ , 8.5 മീറ്റർ നീളം, 8 മീറ്റർ വീതി ശരാശരി താഴ്ച 2 മീറ്റർ എന്ന ക്രമത്തിൽ 136 ക്യൂബിക് മീറ്റർ 24.6 മീറ്റർ നീളം 7 മീറ്റർ വീതി, ശരാശരി താഴ്ച 2.5 മീറ്റർ എന്ന ക്രമത്തിൽ 430.5 ക്യൂബിക് മീറ്റർ എന്നിങ്ങനെയായി ആകെ 859.5 ക്യൂബിക് മീറ്റർ സാധാരണ കളിമണ്ണ് അനധികൃതമായി ഖനനം ചെയ്തു നീക്കം ചെയ്തിട്ടുള്ളതായി കാണപ്പെട്ടു. കൂടാതെ മേപ്പടി വില്ലേജിൽ അനധികൃതമായി ഖനനം നടത്തിയതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസർ നൽകിയ സ്റ്റോപ്പ് മെമ്മോയുടെ പകർപ്പ് തഹസിൽദാർ (ഭൂരേഖ), പാലക്കാട് 6/2/2019 തീയതിയിലെ F1-2016/ 6815/9/500 (1) കത്ത് പ്രകാരം ടി ഓഫീസിലേയ്ക്ക് അയച്ചു നൽകുകയും ചെയ്തിട്ടുള്ളതാണ്.

അനധികൃതമായി സാധാരണ കളിമണ്ണ് ഖനനം നടത്തിയതിനെതിരെ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അനധികൃത ഖനനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടും അനധികൃത ഖനനം നിറുത്തിവെയ്ക്കുവാൻ ആവശ്യപ്പെട്ടും 27/2/2019 തീയതിയിൽ DOP/411/2019/A1 നമ്പർ പ്രകാരം ശ്രീ. മധുപ്രസാദ് ബി. ആറ്റുപത്, വാളയാർ പി ഒ, പാലക്കാട് എന്നവർക്ക് പാലക്കാട് ജില്ലാ ഓഫീസിൽ നിന്നും നോട്ടീസ് നൽകിയിരുന്നു. ടി നോട്ടീസിന് 08/04/2019 തീയതിയിൽ ശ്രീ. മധുപ്രസാദ്.ബി മറുപടി നൽകുകയും ചെയ്തു. ടി മറുപടിയിൽ അനധികൃതമായി സാധാരണ കളിമണ്ണ് ഖനനം ചെയ്ത് ഇഷ്ടിക നിർമ്മിച്ച കുറ്റം സമ്മതിക്കുകയും കളിമണ്ണ് ഖനനം ചെയ്ത് നീക്കിയ അളവിൽ കിണർ നിർമ്മിച്ചതിന്റെ വിസ്തീർണ്ണം ഉൾപ്പെട്ടിട്ടുണ്ടെന്നും, ആയത് ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു. എന്നാൽ സംയുക്ത പരിശോധനയിൽ കിണർ കുഴിച്ച ഭാഗത്തെ അളവ് കണക്കാക്കിയിട്ടില്ല എന്ന് അറിയിച്ചും,

അനധികൃതമായി ഖനനം ചെയ്ത സാധാരണ കളിമണ്ണിന്റെ റോയൽറ്റിയും, വിലയും, പിഴയും ചട്ടങ്ങൾ പ്രകാരം സർക്കാരിലേയ്ക്ക് ഈടാക്കുന്നതിന്റെ ഭാഗമായി അനധികൃതമായി ഖനനം ചെയ്തെടുത്ത 859.5 ക്യൂബിക് മീറ്റർ സാധാരണ കളിമണ്ണിന്റെ റോയൽറ്റിയായ ക്യൂബിക് മീറ്ററിന് 80/- രൂപ നിരക്കിൽ 68,760/- രൂപയും വിലയിനത്തിൽ 1,37,520/- രൂപയും (റോയൽറ്റിയുടെ രണ്ടിരട്ടി) പിഴയിനത്തിൽ 25,000/- രൂപയും ചേർത്ത് ആകെ 2,31,280/- രൂപ അടക്കുവാൻ ആവശ്യപ്പെട്ട് 30/5/2019 തീയതിയിൽ DOP/411/2019/A1 - 6 നമ്പർ പ്രകാരം ഡിമാന്റ് നോട്ടീസ് പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസർ മുഖേന ശ്രീ. മധുപ്രസാദിന് നൽകുകയും ചെയ്തു. ടി ഡിമാന്റ് നോട്ടീസിനെതിരെയാണ് ശ്രീ. മധുപ്രസാദ്.ബി അപ്പീൽ പെറ്റീഷൻ സമർപ്പിച്ചിരിക്കുന്നത്. ടി സ്ഥലത്ത് നടന്ന അനധികൃത ഖനനത്തിന് ജിയോളജിസ്റ്റ് ചട്ടപ്രകാരം നൽകിയ ഡിമാന്റ് നോട്ടിസിന്റെ തുക ഒടുക്കുവാൻ അപ്പലന്റ് ബാദ്ധ്യസ്ഥനാണ്.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ ഹർജിക്കാരന്റെ വാദങ്ങളുടെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഖനനം ചെയ്തെടുത്ത കളിമണ്ണ് ഉപയോഗിച്ച് നിർമ്മിച്ച ഇഷ്ടിക തന്റെ വീടിന്റെ മതിൽ കെട്ടുവാൻ ഉപയോഗിച്ചുവെന്നും ബാക്കി വന്നത് മണ്ണെടുത്ത കുഴികൾ മൂട്ടുവാൻ ഉപയോഗിച്ചുവെന്നും താൻ കളിമണ്ണ് പരാതിക്കാസ്പദമായ സ്ഥലത്തു നിന്നും നീക്കം ചെയ്തിട്ടില്ലെന്നുമുള്ള അപ്പീൽ കക്ഷിയുടെ വാദത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം ഒരിക്കൽ കൂടി അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം പരിശോധിച്ച് അതിനനുസൃതമായി KMMC ചട്ടങ്ങൾ പ്രകാരമുള്ള അനുയോജ്യമായ തുടർ നടപടികൾ നടപടിക്രമങ്ങൾ പാലിച്ച് സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.മധുപ്രസാദ് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ജോയിന്റ് സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.മധുപ്രസാദ്.ബി, പെരുമാളടി, എടുപ്പുകുളം.പി.ഒ, മേനോൻപാറ, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, പാലക്കാട്.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 22-04-2024 14:45:32
സെക്ഷൻ ഓഫീസർ